(എഫ്) ഓരോ വിളയ്ക്കും നീക്കിവച്ചിട്ടുള്ള നഷ്ടപരിഹാരം പൂർണ്ണമായും കൃഷിക്കാർക്ക് നൽകിയിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1999-ലെ വേനൽമഴമൂലം 5.42 കോടി രൂപയുടെയും, തെക്കുപടിഞ്ഞാറൻ കാലവർഷംമൂലം 37.27 കോടി രൂപയുടെയും, വടക്കു കിഴക്കൻ കാലവർഷംമൂലം 1.10 കോടി രൂപയുടെയും നാശനഷ്ടം സംഭവിച്ചതായി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി)&(ഡി) 1999-2000 വർഷത്തേയ്ക്കുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയായ 64.05 കോടി രൂപയിൽ നിന്നുമാണ് കൃഷിനാശം ഉൾപ്പെടെയുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ചെലവ് വഹിക്കുന്നത്. ദുരിതാശ്വാസ നിധി തുകയുടെ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. ഇതു കൂടാതെ പ്രത്യേക കേന്ദ്ര ധനസഹായം ലഭിച്ചിട്ടില്ല.

(ഇ) പ്രകൃതിക്ഷോഭംമൂലം കൃഷിക്ക് ഉണ്ടായ നാശനഷ്ടത്തിന്റെ വ്യാപ്തിയും വ്യവസ്ഥകൾ പ്രകാരം അനുവദനീയമായ തോതും കണക്കിലെടുത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ധനസഹായം നൽകുന്നത്. ഈ വർഷം അതിനായി അലോട്ടു ചെയ്ത ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി† വച്ചിരിക്കുന്നു.

(എഫ്) ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തോതിലാണ് ധനസഹായം നൽകാറുള്ളത്. എന്നാൽ ഫണ്ടിന്റെ ലഭ്യതകുറവുമൂലം എല്ലായ്പ്പോഴും പൂർണ്ണമായ തോതിൽ ധനസഹായം നൽകാൻ കഴിയാറില്ല.

10 (*430) നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായ്ക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലൈസൻസ് നല്കുന്നുണ്ടോ; വിശദാശം വെളിപ്പെടുത്തുമോ;

(ബി) ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടികൂടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിപാടിയുണ്ടോ; വിശദവിവരം നല്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ ഏഴുവയസ്സുള്ള കുട്ടിയെ നായ്ക്കൾ കടിച്ചു കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ നായ് വളർത്തലിന് ലൈസൻസ് നിർബന്ധമാക്കുന്നതിനും അലഞ്ഞു തിരിഞ്ഞു നടക്കുന്ന എല്ലാ നായ്ക്കളെയും പിടികൂടുന്നതിനും കർശന നിർദ്ദേശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്. ബന്ധപ്പെട്ട മൃഗസംരക്ഷണ ഉദ്യോഗസ്ഥൻ പ്രതിരോധ കുത്തിവയ്പ് നൽകിയതിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്നത്. ടി ലൈസൻസ് ഓരോ സാമ്പത്തികവർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് എടുത്തുവളർത്തുന്ന നായ്ക്കളെ വീട്ടുവിളപ്പിന് പുറത്തേയ്ക്ക് വിടാൻ പാടില്ല എന്ന വ്യവസ്ഥയുണ്ട്. പത്തു രൂപയാണ് ലൈസൻസ് ഫീസ്.

(ബി) ലൈസൻസ് ഇല്ലാതെയോ ലൈസൻസ് ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ നായക്കളെ വളർത്തുന്ന ഏതൊരാൾക്കും 250/- രൂപ വരെ പിഴ ചുമത്താവുന്നതും ടി കുറ്റകൃത്യം തുടരുന്ന സംഗതിയിൽ പ്രതിദിനം 50 രൂപ വരെ പിഴ ചുമത്താവുന്നതാണ്.

(സി) ഉണ്ട്. കേരള പഞ്ചായത്തുരാജ് ആക്ട് സെക്ഷൻ 166 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പട്ടിക 3-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് തെരുവുനായ്ക്കളെ നശിപ്പിക്കൽ. സെക്ഷൻ 254(2) (ii) ൽ പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകുന്നതിനും ലൈസൻസ് ഇല്ലാത്ത പന്നികളെയും പട്ടികളെയും നശിപ്പിക്കുന്നത് സംബന്ധിച്ചും ചട്ടങ്ങളുണ്ടാക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 1998-ലെ (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തെരുവുനായ്ക്കളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവെന്ന് ബോദ്ധ്യപ്പെട്ട സംഗതിയിൽ ആയവ നശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാർ 20.7.99-ലെ 25398/സി1/99 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയുടെ ഭാഗമായ മുനിസിപ്പൽ പ്രദേശങ്ങളിലാണ് ഈ സംഭവം.

(ഇ) നേരത്തെ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

11 (*431) അനാഥശിശുകളുടെ വ്യക്തിത്വ വികസനത്തിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥശിശുക്കളുടെ പരിപാലനത്തിനും വ്യക്തിത്വ വികസനത്തിനും ആയി ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) ശിശുക്കളെ പാർപ്പിച്ചിട്ടുള്ള സംസ്ഥാനത്തെ അനാഥാലയങ്ങളിലെ സൗകര്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly